**രങ്ങൾക്കും പരിസ്ഥിതി പ്രവർത്തകർക്കും ഈ നിയമത്തെ പിന്നീട് സംരക്ഷിച്ചു നിർത്താൻ കഴിയാതിരുന്നത്?**

ഒരു പ്രധാന കാരണം മൂലധന ശക്തികളുടെ പിടിയിലാണ് രാഷ്ട്രീയ നേതൃത്വം എന്നത് തന്നെയാണ്. അതുകൊണ്ടുതന്നെ ഭൂമിയെ ചൂഷണം ചെയ്തുള്ള ഒരു വികസനത്തെകുറിച്ച് മാത്രമേ അവർക്ക് ചിന്തിക്കാൻ കഴിയുന്നുള്ളൂ. പിന്നെ കുറേ പേർക്ക് വികസനത്തിന്റെ പേര് പറഞ്ഞു പണം ഉണ്ടാക്കാനുള്ള ഒരു ഉപകരണം മാത്രമാണ് ഗവൺമെന്റ്. ഇതിനെതിരെ നിന്ന് പരിസ്ഥിതി -കാർഷിക -സാമൂഹ്യ പ്രവർത്തകർ കുറെ തടസ്സങ്ങൾ/മാറ്റങ്ങൾ ഉണ്ടാക്കി. കൃഷി തിരിച്ചു കൊണ്ടുവരണമെന്ന് ചിന്തിക്കാൻ സർക്കാരിന് പോലും ഇത് പ്രേരണയായി. എന്നാൽ ഇന്നത്തെ കാലത്ത് ഇതൊന്നും പോരാ. യഥാർത്ഥ വികസനത്തെകുറിച്ച്, നിലനിൽപ്പിനെകുറിച്ച് ഉള്ള വ്യക്തത വളരെ കുറച്ചുപേർക്കേ ഇപ്പോഴുമുള്ളൂ. എന്നാൽ അങ്ങനെയുള്ളവർ നയരൂപീകരണത്തിൽ ഇല്ല. ശാസ്ത്രം എന്ന വാക്ക് ആവശ്യത്തിനും അനാവശ്യത്തിനും എടുത്തു ഉപയോഗിക്കുമെങ്കിലും വികസനത്തിന്റെ കാര്യത്തിൽ ഒരു ശാസ്ത്രബോധവുമില്ല.

**എന്താണ് ഭേദഗതിക്കെതിരെ ചെയ്യാൻ കഴിയുന്നത്? നിയമം ശക്തിപ്പെടുത്താൻ എന്താണ് ഇനി ചെയ്യാൻ കഴിയുന്നത്?**

നിയമത്തിൽ വരുത്തിയ നേരത്തെ പറഞ്ഞ പ്രശ്നമുള്ള ഭാഗങ്ങൾ മാറ്റുക എന്നതാണ് പ്രധാനം. പിന്നെ കൃഷി ചെയ്യാതെ കിടക്കുന്ന വയലുകൾ മുഴുവനും കൃഷി ചെയ്യുക. അതിനുവേണ്ട നിയമ-സാമ്പത്തിക നടപടികൾ ഉടൻ ചെയ്യുക. തരിശിടുന്നത് തന്നെ നികത്താനുള്ള പ്രേരണയാകും. വയലുകൾ സ്വകാര്യ ഉടമസ്ഥതയിലാണെങ്കിലും ഒരു പൊതു പൈതൃകമായി പ്രഖ്യാപിക്കുക. നെൽകൃഷി ചെയ്യുന്ന കർഷകർക്ക് പരിസ്ഥിതി സംരക്ഷണത്തിനായി സാമ്പത്തിക സഹായം നൽകുക. ചെറുപ്പക്കാർക്ക്, സ്ത്രീകൾക്ക് ചുരുങ്ങിയത് അഞ്ച് വർഷത്തേക്കെങ്കിലും തരിശിട്ടിരിക്കുന്ന വയലുകൾ ചെറിയ പാട്ടത്തിനു നൽകുക. പഞ്ചായത്തും കൃഷിഭവനും ജൈവവൈവിധ്യ മാനേജ്മെന്റ് കമ്മിറ്റിയും ചേർന്ന് കർഷകനും ഉടമസ്ഥനും പരിരക്ഷണം നൽകുക. നിയമം കൊണ്ട് മാത്രം വയലും തണ്ണീർത്തടങ്ങളും സംരക്ഷിക്കാൻ കഴിയില്ല എന്നതാണ് സത്യം. ■

ജൈവവൈവിധ്യ ബോർഡ് മുൻ ചെയർമാനും നെൽവയൽ–തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം രൂപീകരിക്കുന്ന സംസ്ഥാനതല നിരീക്ഷണ സമിതിയിലെ പരിസ്ഥിതി വിദഗ്ധ അംഗവുമായിരുന്ന

**ഡോ. വി.എസ്. വിജയൻ**

# നെൽവയലുകൾ റിസർവ്വുകളായി സംരക്ഷിക്കണം

**2008ൽ** അന്നത്തെ സർക്കാർ കണക്കുകൾ പ്രകാരം 2.49 ഹെക്ടർ നെൽവയൽ മാത്രമാണ് ബാക്കിയുണ്ടായിരുന്നത്. കൃഷി ചെയ്യുന്ന കൃഷിക്കാരുടെ എണ്ണത്തേക്കാൾ കൃഷിസ്ഥലങ്ങളുടെ വ്യാപ്തിയിലാണ് കാര്യമായ വ്യത്യാസമുണ്ടായിട്ടുള്ളത്. നിയമം അനുശാസിക്കുന്നതു പോലുള്ള കാര്യങ്ങളൊന്നുംതന്നെ നടന്നിട്ടില്ല എന്നതിൽ യാതൊരു തർക്കവുമില്ല. നെൽവയലുകളെക്കാൾ തണ്ണീർത്തടങ്ങളാണ് നഷ്ടപ്പെട്ടിരിക്കുന്നത്. 2007 ലെയും 2011 ലെയും തണ്ണീർത്തടങ്ങളുടെ കണക്ക് നോക്കാം. 2007 ൽ 7,06,676 ഹെക്ടർ തണ്ണീർത്തടം ഉണ്ടായിരുന്നത് 2011 ൽ 1,60,590 ഹെക്ടർ ആയി കുറഞ്ഞു. അതായത് 79 ശതമാനം നഷ്ടമായി. 2007 ൽ 4,17,968 ഹെക്ടർ ശുദ്ധജലമുള്ള തണ്ണീർത്തടം 2011 ൽ 1,17,122 ഹെക്ടർ ആയി കുറഞ്ഞു. അതായത് 72 ശതമാനം കുറവ്. കായലുകൾ കണക്കുനോക്കിയാൽ 2007 ൽ 3,48,111 ഹെക്ടർ 2011 ൽ 40,176 ഹെക്ടർ ആയി കുറഞ്ഞു. അതായത് 88 ശതമാനം കുറഞ്ഞു.

തണ്ണീർത്തട നിയമം എത്രമാത്രം വിജയകരമായിരുന്നു എന്നു വിലയിരുത്താൻ ഈ കണക്കുകൾ സഹായിക്കും. നിയമം ഉണ്ടായതുകൊണ്ടാണ് പല കേസുകളും നമുക്ക് കൈകാര്യം ചെയ്യാനായത് എന്നത് വാസ്തവമാണ്. നിയമം വരുന്നതിനു മുമ്പും വയലുകൾ നികത്തരുത് എന്ന് നിയമം ഉണ്ടായിരുന്നു. എന്നിട്ടും വയലുകൾ നികന്നുപോയതുകൊണ്ടാണ് കുറച്ചുകൂടി ശക്തമായ മറ്റൊരു നിയമം കൊണ്ടുവന്നത്. അതും പരാജപ്പെടുന്നു എന്നാണല്ലോ ഇപ്പോൾ വ്യക്തമാകുന്നത്.

ഏതെങ്കിലും സംഘടനകളോ കൂട്ടായ്മകളോ നെൽവയൽ നികത്തുന്നതിനെതിരെ പരാതി ഉന്നയിക്കുമ്പോൾ ആ നികത്തലിനെതിരെ ഒരു നടപടി ഉണ്ടാകുന്നു എന്നതല്ലാതെ സമഗ്രമായൊരു ശ്രമമൊ

ന്നും സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടായിട്ടില്ല. കേരളത്തിന്റെ മൊത്തം ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കുന്നതിന് സർക്കാർ ഒരു താത്പര്യവും എടുത്തിട്ടില്ല എന്നുമാത്രമല്ല, ഭേദഗതിയിലൂടെ നിയമത്തെ അട്ടിമറിക്കാനും ശ്രമിക്കുകയാണ് ഇപ്പോൾ. 2008 ൽ ഈ നിയമം കൊണ്ടുവരുമ്പോൾ നിയമത്തിന്റെ കരട് വിവിധങ്ങളായ സ്ഥലങ്ങളിൽ ചർച്ച ചെയ്തിരുന്നു. അത്തരത്തിൽ ജനപങ്കാളിത്തത്തോടു കൂടിയായിരുന്നു നിയമം നിലവിൽ വന്നത്. എന്നാൽ 2018 ലെ ഈ ഭേദഗതിയെ സംബന്ധിച്ച് ഒരു ചർച്ചയും നടന്നിട്ടില്ല. പത്രവാർത്തകളിലൂടെയാണ് ജനങ്ങളിതറിയുന്നത്. പ്രാദേശികതല സമിതിയുടെ അധികാരം നഷ്ടപ്പെട്ടിരിക്കുന്നു. സംസ്ഥാനതല കമ്മിറ്റിയും നിർജീവമാക്കിയിരിക്കുന്നു. ഇപ്പോൾ രണ്ട് കമ്മിറ്റികളും റിപ്പോർട്ട് നൽകുക മാത്രം ചെയ്താൽ മതി. അന്തിമ തീരുമാനം സർക്കാരിന്റേതായിരിക്കും. മുമ്പ് പ്രാദേശികതല സമിതികളുടെ ശുപാർശയെ മുൻനിർത്തിയാണ് സംസ്ഥാനതല നിരീക്ഷണ സമിതി തീരുമാനമെടുത്തിരുന്നത്. എത്ര വലിയ കേസാണെങ്കിലും പ്രാദേശിക സമിതിയുടെ തീരുമാനമായിരുന്നു അന്തിമ തീരുമാനം. സർക്കാർ നിർബന്ധം പിടിക്കുന്ന പല വിനാശകരമായ പദ്ധതികളും ഈ അധികാരമുപയോഗിച്ച് തള്ളിപ്പോയിട്ടുണ്ട്. 2018 ലെ ഈ ഭേദഗതി ആ അധികാരത്തെതന്നെ നിർജീവമാക്കിയിരിക്കുന്നു. സംസ്ഥാന സമിതിയുടെ റിപ്പോർട്ട് രണ്ട് മാസത്തിനുള്ളിൽ ലഭിച്ചില്ലെങ്കിൽ സർക്കാരിന് മറ്റു ഏജൻസികളെ വച്ച് അനുമതി നേടാം എന്നതരത്തിൽ നിയമം തിരുത്തി. പരിസ്ഥിതി വിദഗ്ധൻ അംഗമായുള്ള സമിതിയാണ് സംസ്ഥാനതല നിരീക്ഷണ സമിതി. ഞാൻ മുമ്പ് ആ സമിതിയിലെ പരിസ്ഥിതി വിദഗ്ധ അംഗമായിരുന്നു. നെൽവയലുകളും തണ്ണീർത്തടങ്ങളും തീർത്തും നശിപ്പിക്കുന്ന പല കേസുകളും പരിസ്ഥിതി താത്പര്യം മുൻനിർത്തി തള്ളിക്കളയാൻ ഞാനുണ്ടായിരുന്നപ്പോൾ കഴിഞ്ഞിരുന്നു.

പൊതു ആവശ്യത്തിനായി വയൽ നികത്താൻ അനുവദിക്കണം എന്ന അഭിപ്രായം 2008ൽ തന്നെ ഉയർന്നുവന്നിരുന്നു. സർക്കാരിന്റെയോ അർദ്ധസർക്കാർ സ്ഥാപനങ്ങളുടെയോ ഫണ്ടുപയോഗിച്ച് വരുന്ന പദ്ധതികളെയാണ് അന്ന് പരിഗണിച്ചിരുന്നത്. എന്നാൽ പൊതു ആവശ്യം എന്തെന്നു നിർവചിക്കാതെ നികത്താനുള്ള മാർഗ്ഗം മാത്രം അന്വേഷിക്കുകയാണ് സർക്കാർ. സർക്കാർ കൊണ്ടുവരുന്ന പദ്ധതികളെല്ലാം പൊതു ആവശ്യമാണെന്നു പറഞ്ഞാൽ നമ്മളെന്തു ചെയ്യും. തദ്ദേശവാസികളുടെ സമ്മതത്തോടെ അവർക്കുകൂടി ഗുണകരമാവുന്ന പദ്ധതികൾ മാത്രമേ ഇത്തരത്തിൽ നടപ്പിലാക്കാൻ പാടുള്ളൂ. തദ്ദേശീയരുടെ അനുമതിയില്ലാതെ ഒരു പദ്ധതി അവരുടെ മുകളിൽ അടിച്ചേൽപ്പിക്കുന്നത് തെറ്റാണെന്നാണ് ഞാൻ കരുതുന്നത്. പൊതു ആവശ്യമെന്ന ലേബലിൽ ജനങ്ങൾ എതിർക്കുന്ന ഗെയിലും ഐ.ഒ.സിയുമെല്ലാം അടിച്ചേൽപ്പിക്കാമല്ലോ.

ഞാൻ സംസ്ഥാന നിരീക്ഷണ സമിതിയിൽ ഉള്ളപ്പോൾ കൊച്ചിയിലെ വളന്തക്കാട് ദ്വീപിൽ കണ്ടൽക്കാടുകൾ നശിപ്പിച്ചുകൊണ്ട് വരാനിരുന്ന ശോഭ ഡവലപേഴ്സിന്റെ ഹൈടെക് സിറ്റി പദ്ധതി തടഞ്ഞത് ഈ നിയമത്തിന്റെ ചട്ടങ്ങൾ ഉപയോഗിച്ചാണ്. 600 ഏക്കർ കണ്ടൽക്കാടുകളാണ് സംരക്ഷിക്കപ്പെട്ടത്. കണ്ടൽക്കാടുകൾ, തണ്ണീർത്തടങ്ങൾ, നെൽവയലുകൾ എന്നിവയുടെയെല്ലാം ഇക്കോസിസ്റ്റം സർവീസ് വാല്യു വളരെ കൂടുതലാണ്. ഒരു ഹെക്ടർ തണ്ണീർത്തടത്തിന്റെ പാരിസ്ഥിതിക മൂല്യമെന്നത് 90.1 ലക്ഷം ആണ്. 24 തരം പാരിസ്ഥിതിക മൂല്യങ്ങളാണുള്ളത് ഇക്കോസിസ്റ്റം സർവീസ് വാല്യു കണക്കാക്കുന്നതിനായി പരിഗണിക്കുന്നത്. അന്താരാഷ്ട്രതലത്തിൽ ഇന്ന് ഏറെ സ്വീകരിക്കപ്പെടുന്ന ഒരു രീതിശാസ്ത്രമാണിത്. പക്ഷെ നമ്മൾ ഇവിടെ അത് കണക്കാക്കാറേയില്ല.

ആറന്മുള വിമാനത്താവളത്തിന്റെ വിഷയത്തിൽ പഠനം നടത്താനായി ഞാനൊരിക്കൽ അവിടെ പോയിരുന്നു. അവിടെ പശുവിനെ മേയ്ച്ചു നടന്നിരുന്ന ഒരു സ്ത്രീയോട് എയർപ്പോർട്ട് വന്നാലുണ്ടാകുന്ന പ്രശ്നത്തെ കുറിച്ച് ചോദിച്ചപ്പോൾ ആ സ്ത്രീ തങ്ങളുടെ കുടിവെള്ളം മുട്ടിക്കരുതെന്നാണ് പറഞ്ഞത്. കുടിവെള്ളവും എയർപ്പോർട്ടും തമ്മിലെന്തു ബന്ധമെന്ന് ഞാൻ വീണ്ടും ചോദിച്ചു. ഈ നെൽവയലുകളും തണ്ണീർത്തടങ്ങളുമെല്ലാം ഇവിടെയുള്ളതുകൊണ്ടാണ് ഞങ്ങൾക്ക് കുടിവെള്ളം കിട്ടുന്നത് എന്നാണവർ മറുപടി പറഞ്ഞത്. ഇക്കോസിസ്റ്റം സർവ്വീസിനെക്കുറിച്ചുള്ള ഒരു നാട്ടിൻപുറത്തുകാരിയുടെ ധാരണയാണത്.

നമ്മുടെ രാജ്യത്തിന്റെ ആകെ റവന്യൂവിന്റെ 12 മടങ്ങാണ് തണ്ണീർത്തടത്തിൽ നിന്നും ലഭിക്കുന്ന പരോക്ഷഗുണം. ഇന്ത്യയുടെ മൊത്തം കണക്കെടുത്താൽ 902 ലക്ഷം കോടി രൂപയുടെ പരോക്ഷഗുണം കാടുകളും നെൽവയലുകളും തണ്ണീർത്തടങ്ങളും നമുക്ക് നൽകുന്നുണ്ട്. പാരിസ്ഥിതിക മൂല്യം ആദ്യമായി തിട്ടപ്പെടുത്തിയത് 1997 ലാണ്. ലോകത്തുള്ള എല്ലാ പാരിസ്ഥിതികഘടകങ്ങളുടെയും മൊത്തം മൂല്യത്തിന്റെ ശരാശരി കണക്കാക്കുയാണ് പതിവ്. സുനാമി വന്നപ്പോൾ ഇന്ത്യയിൽ അത്തരമൊരു കണക്കെടുപ്പ് നടത്തിയിരുന്നു. കണ്ടൽ

*➪ കാടു സംരക്ഷിക്കുന്ന ആദിവാസികൾക്ക് അതിന്റെ മൂല്യം നൽകണമെന്നാണ് അദ്ദേഹം പറയുന്നത് ➪*

ക്കാടുകൾ ഉള്ള സ്ഥലങ്ങളിൽ നാശനഷ്ടങ്ങൾ കുറവായിരുന്നു. കണ്ടൽക്കാടുകൾ സംരക്ഷിക്കാനായി ചിലവഴിച്ച രൂപയും സുനാമി മൂലമുണ്ടായ നാശനഷ്ടവും തമ്മിൽ താരതമ്യപ്പെടുത്തിയാണ് ഈ മൂല്യം കണ്ടെത്തിയത്. അതായത് നാശനഷ്ടങ്ങൾ നികത്താനായി ചിലവഴിക്കുന്ന പണവും നാശം വരാതിരിക്കാനുള്ള മുൻകരുതലായി പരിസ്ഥിതി വിഭവങ്ങൾ സംരക്ഷിക്കാനാവശ്യമായ പണവും തമ്മിലുള്ള വ്യത്യാസം കണക്കാക്കിയാണ് ഒരു പാരിസ്ഥിതിക ഘടകത്തിന്റെ മൂല്യം നിർണ്ണയിക്കുന്നത് എന്നു സാരം. മാർക്കറ്റ് വില അനുസരിച്ച് ഈ മൂല്യം കൂടിയും കുറഞ്ഞുമിരിക്കും.

ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിലും ഇതുസംബന്ധിച്ച പരാമർശമുണ്ട്. കാടു സംരക്ഷിക്കുന്ന ആദിവാസികൾക്ക് അതിന്റെ മൂല്യം നൽകണമെന്നാണ് അദ്ദേഹം പറയുന്നത്. നെൽവയലുകളുടെ കാര്യത്തിലും ഇതേ മൂല്യം നിർണ്ണയിക്കപ്പെടണം. നെൽവയൽ സംരക്ഷിക്കുന്ന കർഷകർക്ക് നിശ്ചിത തുക പാരിസ്ഥിതിക മൂല്യമെന്ന നിലയിൽ നൽകണം. എൽ.ഡി.എഫിന്റെ ഇലക്ഷൻ മാനിഫെസ്റ്റോയിൽ ഇത് നൽകുമെന്ന വാഗ്ദാനം ഉണ്ടായിരുന്നു. നെൽവയലുകൾ പൂർണ്ണമായും മാപ്പിംഗ് ചെയ്ത് വനം റിസർവ് ചെയ്യുന്നതുപോലെ റിസർവ്വായി പ്രഖ്യാപിച്ച് സംരക്ഷിക്കുമെന്നും പ്രസ്തുത മാനിഫെസ്റ്റോയിൽ പറയുന്നുണ്ട്. ഒന്നും യാഥാർത്ഥ്യമായില്ല എന്നുമാത്രം. കൈവശാവകാശം സ്വകാര്യ വ്യക്തികൾക്കാണെങ്കിലും ഭൂമി പരിവർത്തനം ചെയ്യാൻ പാടില്ല എന്ന കർശനനിയമം കൊണ്ടുവരാമായിരുന്നു. കർഷകന് എല്ലാവിധ ആനുകൂല്യങ്ങളും നൽകാൻ സർക്കാർ തയ്യാറാകണം. ഒരിഞ്ചു ഭൂമി പോലും തരിശിടരുത് എന്നാണ് കൃഷിമന്ത്രി ആഹ്വാനം ചെയ്യുന്നത്. വെറുതെ പറഞ്ഞുപോകുക എന്നതിനുമപ്പുറം അത്ര എളുപ്പമുള്ള കാര്യമല്ല എന്നതാണ് യാഥാർത്ഥ്യം. ■

നെൽവയൽ–തണ്ണീർത്തട നിയമം നടപ്പിലാക്കിയ കാലത്തെ കൃഷി വകുപ്പ് മന്ത്രിയും

സി.പി.ഐ നേതാവുമായ

**മുല്ലക്കര രത്നാകരൻ**

# കൃഷി ലാഭകരമാകാതെ പരിഹാരമില്ല

**കേരളത്തിന്റെ** പരിസ്ഥിതിയുമായി ബന്ധപ്പെട്ട് നിൽക്കുന്ന എല്ലാ ഘടകങ്ങളും–കരകൃഷിയാണെങ്കിലും, നമ്മുടെ ഭക്ഷ്യോത്പാദന മേഖലയാണെങ്കിലും മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട വൈക്കോലിന്റെ ഉത്പാദനമാണെങ്കിലും ജലസംരക്ഷണമാണെങ്കിലും കാലാവസ്ഥാ നിയന്ത്രണമാണെങ്കിലും— വയലിന്റെയും ജലത്തിന്റെയും സംരക്ഷണവുമായി ബന്ധപ്പെട്ടാണ് നിൽക്കുന്നത്. 2008 ആകുമ്പോഴേക്കും അത് പാടെ തകർന്ന അവസ്ഥയിലായിരുന്നു. 8.36 ലക്ഷം ഹെക്ടറിൽ നിന്ന് 2.34 ലക്ഷം ഹെക്ടറിലേക്ക് നെൽകൃഷി ചുരുങ്ങിപ്പോയിരുന്നു. അതായത് കേരളീയ സമൂഹത്തിന്റെ സാംസ്കാരിക കാർഷിക ബോധത്തിൽ നിന്ന് നെൽകൃഷിയുടെ ആവശ്യകത മാഞ്ഞുതുടങ്ങിയിരുന്നു. കുട്ടനാട്ടിലും തൃശൂരിലെ കോൾപ്പാടങ്ങളിലും പാലക്കാട്ടുമൊക്കെ കുറച്ച് നെൽവയലുകൾ ബാക്കി നിന്നതൊഴിച്ചാൽ ബാക്കിയെല്ലാം പകുതിയിലധികവും നികത്തപ്പെട്ടു. പണമുണ്ടെങ്കിൽ ഈ വയലുകളെല്ലാം വാങ്ങി നികത്താമെന്ന ഒരു തെറ്റായ ബോധത്തിലേക്ക് കേരളം എത്തിയിരുന്നു. ഒരുപക്ഷെ ഈ നിയമം പോലും നടപ്പിലാവാതിരുന്നെങ്കിൽ ഇന്ന് ഒരു സെന്റ് നെൽവയൽ പോലും ഇല്ലാത്ത അവസ്ഥ കേരളത്തിൽ ഉണ്ടാകുമായിരുന്നു.

നിയമം നടപ്പിലായ വർഷം നെൽകൃഷിയുടെ അളവ് വർദ്ധിക്കുകയും ചെയ്തിരുന്നു. അതായത് നെൽകൃഷിയുടെ പ്രാധാന്യത്തെക്കുറിച്ചുള്ള ഒരു പൊതുബോധം നിയമത്തിലൂടെ സൃഷ്ടിക്കാൻ കഴിഞ്ഞു എന്നതിന്റെ തെളിവാണിത്. ആ ബോധം ഒരു വെള്ളപ്പൊക്കം പോലെ വളർന്നില്ലെങ്കിലും വറ്റിവരണ്ടു കിടക്കുന്ന നദിയിൽ ഒരു ചെറുമഴ കൊണ്ട് നീരൊഴുക്കുണ്ടാകുന്നതുപോലെ കേരളത്തിലെ പൊതുസമൂഹത്തിന് കൃഷിയോടുള്ള താത്പര്യം വർദ്ധിച്ചു. പലവിധ കാരണങ്ങളാൽ അത് വലിയ തോതിൽ മുന്നോട്ടുപോയില്ല. ആറന്മുളയിൽ വയൽ നികത്തി വിമാനത്താവളം നിർമ്മിക്കാമെന്നും മെത്രാൻ കായൽ നികത്തി ടൂറിസം പദ്ധതി കൊണ്ടുവരാമെന്നുമുള്ള ബോധം അപ്പോഴും പോയിട്ടുണ്ടായിരുന്നില്ല. ഇതെല്ലാം നികത്തുന്നത് ഒരു പ്രശ്നമല്ല എന്ന ചിന്തയിലേക്ക് കേരളത്തിന്റെ മധ്യവർഗ്ഗത്തെ എത്തിക്കുന്നതിൽ സ്വകാര്യ–കോർപ്പറേറ്റ് ശക്തികൾ വിജയിച്ചു എന്നുവേണം കരുതാൻ. വികസനത്തിന്റെ പേരുപറഞ്ഞ് ഇത്തരത്തിലുള്ള തെറ്റായ നീക്കങ്ങൾ നടത്തുന്നതിൽ സർക്കാരുകൾ പോലും അനുഭവപൂർണ്ണമായ സമീപനങ്ങളാണെടുക്കുന്നത്. ആ ഗവൺമെന്റിൽ തന്നെ ആറന്മുള പദ്ധതിയോട് വിയോജിപ്പുള്ളവരുണ്ടായിരുന്നു. ഈ നിയമം വന്നതിനു ശേ